**PREBOARD EXAMINATION – 2020-21**

**Class: IX (CBSE)** **Total Marks: 80**

**Date…………….** **SUBJECT-MALAYALAM** **Time: 3 hrs.**

---

**The question paper is divided into two sections:**

Section A: Reading Comprehension
: Vocabulary Building & M.C.Q: 40 Marks
Section B : Grammar, Composition
: Literature (Prose, Poetry & Non-detailed): 40 Marks

---

## എ വിഭാഗം / SECTION A

**1. പദ്യം ചൊല്ലി ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് മാത്രം ശരിയുത്തരം എടുത്തെഴുതുക. ഓരോന്നിനും ഒരു മാർക്ക് വീതം**
**(8x 1 =8)**

അങ്കണത്തൈമാവിൽ നി-
ന്നാദ്യത്തെപ്പഴം വീഴ്കെ-
യമ്മതൻ നേത്രത്തിൽനി-
ന്നുതിർന്നൂ ചുടുകണ്ണീർ

നാലു മാസത്തിൻ മുമ്പി -
ലേറെ നാൾ കൊതിച്ചിട്ടീ -
ബ്ബാലമാകന്ദം പൂവി -
ട്ടുണ്ണികൾ വിരിയവേ

അമ്മതൻ മണിക്കുട്ടൻ
പൂത്തിരി കത്തിച്ച പോ -
ലമ്മലർച്ചെണ്ടൊന്നൊടി -
ച്ചാഹ്ളാദിച്ചടുത്തെത്തി

ചൊടിച്ചു മാതാവപ്പോൾ
ഉണ്ണികൾ വിരിഞ്ഞ പൂ –
വൊടിച്ചു കളഞ്ഞല്ലോ
കുസൃതിക്കുരുന്നേ നീ

മാങ്കനി വീഴുന്നേരം-
മോടിച്ചെന്നെടുക്കേണ്ടോൻ
പൂങ്കുല തല്ലുന്നതു
തല്ലു കൊള്ളാഞ്ഞിട്ടല്ലേ

പൈതലിൻ ഭാവം മാറീ ,
വദനാംബുജം വാടീ ,
കൈതവം കാണാക്കണ്ണു
കണ്ണുനീർത്തടാകമായ്.

<u>ചോദ്യങ്ങൾ</u>

(a) അമ്മയുടെ നേത്രത്തിൽ നിന്നും ഉതിർന്നു വീണത് എന്ത് ?

(മാമ്പഴം , ചുടുകണ്ണീർ , മകനെക്കുറിച്ചുള്ള ഓർമ്മകൾ , മാന്തളിർ )

(b) 'മാവ്' എന്ന പദത്തിന് പകരമായി ഉപയോഗിച്ചിരിക്കുന്ന പദം ഏത് ?

(മാകന്ദം , പൂങ്കുല , പൈതൽ , അംബുജം )

(c) 'അങ്കണം' എന്ന വാക്കിന് പകരമായി ഏതെല്ലാം വാക്കുകൾ ഉപയോഗിക്കാം ?

(വീട്-ഭവനം , വർണ്ണം-നിറം , മുറ്റം-ചത്വരം , ബാഷ്പം-അശ്രു )

(d) കുട്ടിയുടെ സന്തോഷത്തെ കവി ഉപമിച്ചിരിക്കുന്നത് എങ്ങനെ ?

(അമ്മതൻ മണിക്കുട്ടൻ , പൂത്തിരികത്തിച്ച പോലെ , മലർച്ചെണ്ട് ,
ആഹ്ളാദിച്ചടുത്തെത്തി )

(e) പൂങ്കുലയുമായി അമ്മക്ക് മുന്നിലെത്തിയ കുട്ടിയോട് അമ്മ പെരുമാറിയതെങ്ങനെ ?

( കുട്ടിയെ ആലിംഗനം ചെയ്തു , പൂങ്കുല വാങ്ങി വെച്ചു , കുട്ടിയെ അടിച്ചു ,
കുട്ടിയോട് ദേഷ്യപ്പെട്ടു )

(f) "ഉണ്ണികൾ വിരിഞ്ഞ പൂവൊടിച്ചു കളഞ്ഞല്ലോ കുസൃതിക്കുരുന്നേ നീ "– ഇങ്ങനെ പറഞ്ഞത് ആരാണ് ?

(കവി , കുട്ടി . മാതാവ് , പിതാവ് )

(g) കുട്ടിക്കുണ്ടായ സങ്കടത്തെ സൂചിപ്പിക്കുന്ന വരി കണ്ടെത്തുക

( പൈതലിൻ ഭാവം മാറീ വദനാംബുജം വാടീ , നേത്രത്തിൽനിന്നുതിർന്നൂ ചുടുകണ്ണീർ,
പൂത്തിരി കത്തിച്ച പോലെ , വീഴുന്നേരമോടിച്ചെന്നെടുക്കേണ്ടോൻ )

(h) കുട്ടി പൂങ്കുല തല്ലുന്നത് എന്തു കൊണ്ടാണെന്നാണ് അമ്മ പറയുന്നത് ?

( മാങ്കനി ഇഷ്ടമായത് കൊണ്ട് , കൈതവം കൊണ്ട് , തല്ലു കൊള്ളാഞ്ഞിട്ട് ,
അമ്മ കാണാത്തതിനാൽ )

(i) കൈതവം കാണാക്കണ്ണു കണ്ണുനീർത്തടാകമായ്. – ആരെക്കുറിച്ചാണ് ഇവിടെ പറയുന്നത് ?

( കവിയെക്കുറിച്ച് , അമ്മയെക്കുറിച്ച് , വായനക്കാരനെക്കുറിച്ച് , കുട്ടിയെക്കുറിച്ച് )

(j) മലർച്ചെണ്ട് എന്ന അതേ അർത്ഥം വരുന്ന മറ്റൊരു പദം ഈ കവിതയിൽ നിന്നും കണ്ടെത്തുക.

( പൂങ്കുല , മാങ്കനി , ബാലമാകന്ദം, കുസൃതിക്കുരുന്ന് )

**2.ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരങ്ങൾ തെരെഞ്ഞെടുത്തെഴുതുക.**

**(8x1=8)**

(a) ധവളം എന്ന പദത്തിന്റെ പര്യായ പദം ഏത് ?

( ശോണിമ , അരുണിമ , ശീതം , സിതം )

(b) മേനി എന്ന പദത്തിന്റെ പര്യായ പദം അല്ലാത്തത് ഏത് ?

( കഴൽ , ദേഹം , വപുസ്സ് , ശരീരം )

(c) മരീചിക എന്ന പദത്തിന്റെ നാനാർഥങ്ങൾ ഏതെല്ലാം ?

( രശ്മി- മായക്കാഴ്ച , തൃഷ്ണ-അവധി , മയൂരം-ശിഖി , കിരണം-സൂര്യൻ)

(d) ശരിയായ നാനാർഥപദങ്ങൾ ഏത് ?

(*ചമയുക*-അനുകരിക്കുക-ഒരുങ്ങുക, *ധൂളി*-പൊടി-കല **,** *ദീനം*-സുഖം-അസുഖം, *വേല*-സമുദ്രം-വേലി )

(e) ദാർശനികൻ എന്ന പദത്തിന്റെ എതിർ ലിംഗം ഏത് ?

( ദർശനിക , ദർശനികി , ദാർശനികി , ദാർശനിക )

(f) പ്രസിദ്ധം എന്ന വാക്കിന്റെ വിപരീതപദം എന്ത് ?

( കുപ്രസിദ്ധം , വിപ്രസിദ്ധം , അപ്രസിദ്ധം , നിപ്രസിദ്ധം )

(g) ആദർശം – അദൃശ്യം – അർഥവ്യത്യാസം കണ്ടെത്തുക

( മാണിക്യം – കാണാവുന്ന , മാതൃക-കാണാൻ കഴിയാത്ത , ദർശനം –ദർപ്പണം , അഭിപ്രായം – നേരം )

(h) അഞ്ചെട്ട് – സമാസം നിർണ്ണയിക്കുക

( അവ്യയീഭാവൻ , ദ്വന്ദ്വസമാസം , ദ്വിഗുസമാസം, കർമ്മധാരയൻ )

(i) പ്രഭാതാംശു – സന്ധി നിർണ്ണയിക്കുക

( സവർണ്ണദീർഘസന്ധി , ലോപസന്ധി , ആഗമസന്ധി , ആദേശസന്ധി)

(j) നിരാഡംബരം എന്ന പദം ഏത് വാക്കിന്റെ വിപരീതമാണ് ?

( ഡംബരം , നിഡംബരം , അംബരം , ആഡംബരം)

**3. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തെരെഞ്ഞെടുത്തെഴുതുക. (4x2=8)**

*(a) ശരിയായ ഉത്തരം എടുത്തെഴുതുക*

(i) കൽപശാഖി ആരുടെ കൃതിയാണ് ?

(വൈലോപ്പിള്ളി ശ്രീധരമേനോൻ , ഉള്ളൂർ.എസ്.പരമേശ്വരയ്യർ , കുമാരനാശാൻ, വള്ളത്തോൾ നാരായണ മേനോൻ)

(ii) പി.ഭാസ്കരന്റെ കൃതി ഏത് ?

( ഓർക്കുക വല്ലപ്പോഴും , മാനസപുത്രി , മാണിക്യവീണ , മാമ്പഴം )

*(b) ആഫ്രിക്കയിലെ സാംബസി നദിയിൽ സാംബിയയുടെയും സിംബാബേയുടെയും അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഈ വെള്ളച്ചാട്ടം വലിപ്പത്തിൽ ഏറ്റവും വലുത് എന്ന ബഹുമതിക്ക് അർഹമാണ്.*

(i ) ഏത് വെള്ളച്ചാട്ടത്തെക്കുറിച്ചാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത് ?

( വിക്ടോറിയ , ആതിരപ്പള്ളി , ജോഗ് , ജോഗിണി )

(ii ) ഈ വെള്ളച്ചാട്ടത്തെക്കുറിച്ച് ആദ്യമായി ലോകത്തെ അറിയിച്ചത് ആര് ?

( സക്കറിയ , എസ്.കെ.പൊറ്റെക്കാട് , ഡേവിഡ് ലിവിങ്സ്റ്റൺ , യൂറോപ്യർ)

*(c) ശരിയായ ഉത്തരങ്ങൾ കണ്ടെത്തുക.*

(I) ഗാഥാവൃത്തം എന്നറിയപ്പെടുന്ന വൃത്തം ഏത് ?

(കാകളി , നതോന്നത , മഞ്ജരി , കേക )

(ii ) പ്രാചീനകവിത്രയത്തിൽപ്പെടാത്തത് ആര് ?

(എഴുത്തച്ഛൻ , ചെറുശ്ശേരി , കുമാരനാശാൻ , കുഞ്ചൻ നമ്പ്യാർ )

(d ) ദാമോദർ ഗാവുങ്കർ എന്ന സുഹൃത്തുമൊത്ത് ദാദറിൽനിന്നും ചെമ്പൂരേക്കുള്ള യാത്ര . ജർമൻ തത്ത്വ ചിന്തകനായ കാന്റിന്റെ തത്ത്വചിന്തയെകുറിച്ചുള്ള സംസാരം.

(I) കാന്റിന്റെ വാക്യങ്ങൾ തെറ്റു കൂടാതെ പറഞ്ഞതാര് ?
( കർത്താർ സിംഗ് , ദാമോദർ ഗാവുങ്കർ , യതി , രാംഗോപാൽ മിശ്ര)

(ii ) രണ്ടു ടാക്സിക്കാർ എന്ന ഈ ലേഖനം ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

( നോവൽ , ചെറുകഥ , ജീവചരിത്രം , ഓർമ്മക്കുറിപ്പ് )

(e ) ശരിയായ ഉത്തരം ഏത് ?

(I) ശക്തിയുടെ കവി എന്നറിയപ്പെടുന്നത് ആര് ?

( ഇടശ്ശേരി ഗോവിന്ദൻ നായർ , നിത്യ ചൈതന്യയതി , വൈലോപ്പിള്ളി , വെണ്ണിക്കുളം ഗോപാലക്കുറുപ്പ് )

(ii ) തേൻമാവ് വസന്തത്തോട് പ്രാർത്ഥിച്ചത് എന്ത് ?
( തണൽ നല്കാൻ , ചില്ലകൾ തളിർക്കാൻ , മരമാവാതിരിക്കാൻ ,അടിമുടി പൂക്കാൻ )

(f) ആഡംബരം ഒരു ഉൻമാദാവസ്ഥയാണ് , അത് സമൂഹത്തെ നശിപ്പിക്കുന്നു.

(I ) ആചാരങ്ങളിലെ ആഡംബരം ഒരു പരിധി വരെ ഇല്ലാതാക്കിയത് ആര് ?

(എം.എൻ.വിജയൻ , കാരശ്ശേരി , ശ്രീനാരായണഗുരു , അയ്യങ്കാളി )

(ii ) ഈ ലോകത്ത് മനുഷ്യനു ജീവിക്കാനുള്ള തെല്ലാമുണ്ട് പക്ഷെ ഒരാളുടെ പോലും.

അത്യാഗ്രഹത്തിനുള്ളതില്ലആരുടെ വാക്കുകളാണിവ-".?

( ഗാന്ധിജിയുടെ , നെഹ്റുവിന്റെ , ഗുരുവിന്റെ , പണക്കാരന്റെ )

**4. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ഉത്തരം എഴുതുക (4 x 4 =16 )**

(a) അമ്മയെ ദൈവത്തെപ്പോലെ കണ്ട് പരിചരിക്കുന്നു . തൊഴിലിനോടുള്ള ആത്മാർത്ഥത , ആത്മവിശ്വാസം എന്നിവയായിരുന്നു അദ്ദേഹത്തിന്റെ കൈമുതൽ.

(I) ആരെക്കുറിച്ചാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത് ?
( കർത്താർ സിങ് , രാം ഗോപാൽ മിശ്ര , സ്റ്റേഷൻ മാസ്റ്റർ , യാത്രികൻ )

(ii ) ഏത് സംഭവത്തെത്തുടർന്നാണ് ഇദ്ദേഹം അമ്മയുമായി ഡൽഹിയിൽ എത്തുന്നത് ?

( മലബാർ കലാപം , സ്വാതന്ത്ര്യസമരം , കൊൽക്കത്താ വിഭജനം , ബംഗാൾ വിഭജനം )

(iii ) ടാക്സി ഡ്രൈവറായി ജോലി ചെയ്ത് അമ്മയെ സംരക്ഷിക്കുന്നു .ആര് ആരോട് പറഞ്ഞ വാക്കുകളാണിത് ?

( അമ്മ കർത്താർ സിംഗിനോട് , നിത്യ ചൈതന്യ യതി ടാക്സി ഡ്രൈവരോട് , കർത്താർ സിംഗ് നിത്യ ചൈതന്യ യതിയോട് , രാം ഗോപാൽ മിശ്ര സ്റ്റേഷൻ മാസ്റ്ററോട് )

( iv) "ജീവിതത്തിൽ ആപത്ത് ആർക്കുമുണ്ടാകും
ആപത്തിൽ തുണയ്ക്കാനാണ് ദൈവം
മനുഷ്യന് വിവേകം കൊടുത്തിരിക്കുന്നത് ? ആരുടെ വാക്കുകൾ ?

( യതി , വെയ്റ്റർ , ലേഖകൻ , രാം ഗോപാൽ മിശ്ര )

(b) മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി -
റ്റട്ടത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി

(I) മാനുഷാകാരം പൂണ്ട കാള എന്നു സൂചിപ്പിക്കുന്നത് ആരെയാണ് ?
(കാളവണ്ടിക്കാരനെ , കാളകളെ , മനുഷ്യരെ , കവികളെ )

(ii ) കരളിനെ നടുക്കുന്ന ഒരു കാഴ്ച കവി കണ്ടു . എന്തായിരുന്നു അത് ?
( പുഞ്ചക്ക് വെള്ളം തേവുന്നു , മൂങ്ങകൾ മൂളുന്നു , തത്തകൾ ചിലക്കുന്നു ,
വണ്ടിക്കാരന്റെ ജീവനില്ലാത്ത ശരീരം വഹിച്ചുകൊണ്ട് പോകുന്നത് )

(iii ) താമരക്കുളം നോക്കി ഗമിക്കുന്നതാര് ?
( കാളകൾ , മൂങ്ങകൾ , നായ്ക്കൾ , കന്യകമാർ )

(iv ) കാഞ്ഞിരമരത്തോപ്പിലെ തത്തകൾ എന്ന പ്രയോഗം എന്താണ് സൂചിപ്പിക്കുന്നത് ?
( കവികൾ , പഥികർ , കാളകൾ , മിത്രങ്ങൾ )

(c ) അതായിരിക്കാം പൊരുളാ പ്രവൃത്തി -
ക്കജൻ ഹിതം മർത്ത്യനറിഞ്ഞു ചെയ് വോൻ

(I ) മനുഷ്യന്റെ ഹിതമറിഞ്ഞു പ്രവർത്തിച്ചവൻ ആര് ?
(ദൈവം , മനുജൻ , പകൽ , ഇരുട്ട് )

(ii ) ഈ വരികൾ എഴുതിയ കവി ആധുനിക കവിത്രയത്തിൽപ്പെടുന്നു. ആധുനിക
കവിത്രയത്തിലെ മറ്റ് കവികൾ ആരെല്ലാം ?
( വള്ളത്തോൾ -കുമരനാശാൻ , ഇടശ്ശേരി –വൈലോപ്പിള്ളി ,
ചെറുശ്ശേരി – എഴുത്തച്ഛൻ , പി.ഭാസ്കരൻ -കുഞ്ചൻ നമ്പ്യാർ )

(iii ) അന്തിയായാൽ വിളക്കു കത്തിക്കാൻ തിടുക്കം കൂട്ടുന്നത് ആര് ?
( ചന്ദ്രൻ , നക്ഷത്രങ്ങൾ , മനുഷ്യർ , മിന്നാമിനുങ്ങ് )

(iv ) ശുഭം പ്രതീക്ഷിക്കുന്നവന് രാത്രി എങ്ങനെ അനുഭവപ്പെടുന്നു ?
( പകൽ പോലെ , ഇരുട്ട് നിറഞ്ഞപോലെ , അർദ്ധരാത്രം പോലെ , നൈരാശ്യമായി )

(d ) ആയിരമണ്ണാർക്കണ്ണൻമാർ പാഞ്ഞു കേറി കൊമ്പുകളി –

ലായിരം കാക്കകളതിൽപ്പറന്നു വീണു.

(I) ആയിരമണ്ണാർക്കണ്ണൻമാർ എന്ന് കവി ഉദ്ദേശിക്കുന്നത് ആരെയാണ് ?

( അണ്ണാൻമാരെ , കവികളെ , ആസ്വാദകരെ , വിമർശകരെ )

(ii ) കല്ലുകൾക്കു ചിറകു മുളച്ചു – കല്ലേറ് എന്നത് കൊണ്ട് അർഥമാക്കുന്നതെന്ത് ?

( വിമർശനം , പക്ഷികൾ , ആസ്വാദനം , കുട്ടികൾ )

(iii ) അതേ പ്രാർഥന എന്ന കവിതയിലെ മാവ് , മാങ്ങ എന്നീ പദങ്ങൾ

നൽകുന്ന സൂചനകൾ എന്തെല്ലാം ?

(സുഖവും ദുഖവും , ചിരിയും കണ്ണീരും , മരവും കനിയും ,

കവിയും കവിതാ രചനയും )

(iv ) അതേ പ്രാർഥന എന്ന കവിത നൽകുന്ന സന്ദേശം എന്ത് ?

( സമൃദ്ധി കൂടുന്തോറും എളിമയുള്ളവരാകുക , കൈപ്പേറിയ ജീവിതം ,

മാങ്ങകൾ പൊഴിക്കാതിരിക്കുക , നന്മകൾ വളർത്തുക )

(e ) ആഘോഷങ്ങളെയും ആചാരങ്ങളെയും ആർഭാടമാക്കുമ്പോൾ അത്

പാവപ്പെട്ടവനെ പാപ്പരാക്കുന്നു.

( i ) ആർഭാടത്തെ എന്തിനോടാണ് ലേഖകൻ സാദൃശ്യപ്പെടുത്തുന്നത് ?

( ഉൻമാദത്തോട് , ലാളിത്യത്തോട് , ആഡംബരത്തോട് , ആഘോഷത്തോട് )

(ii ) ആർഭാടം ആദർശമാക്കാതിരിക്കാൻ എന്തു ചെയ്യാം ?

( ജീവിതം ആദർശവും ലാളിത്യവും നിറഞ്ഞതാക്കുക , ആർഭാടത്തോടെ

ജീവിക്കുക , പണക്കാരെ അനുകരിക്കുക , അത്യാഗ്രഹത്തോടെ ജീവിക്കുക )

(iii ) ആർഭാടത്തിൽ നിന്ന് ലാളിത്യത്തിലേക്ക് എന്ന ഈ ലേഖനം എഴുതിയത് ആര് ?

(എം.എൻ.കാരശ്ശേരി , സുകുമാർ അഴീക്കോട് , പി.കുഞ്ഞിരാമൻ നായർ ,

എം.എൻ.വിജയൻ )

(iv ) ധൂർത്താചാരങ്ങളെ സാധാരണ നിലയിലേക്ക് കൊണ്ടു വരാൻ കഴിയുന്നത്

ആർക്കാണ് ?

( പത്രപ്രവർത്തകർക്ക് , സമുദായ സ്ഥാപനങ്ങൾക്ക് , പണക്കാർക്ക് , പാവങ്ങൾക്ക് )

## ബി വിഭാഗം / SECTION B

5. *(a) പ്രയോഗം മാറ്റുക* *(2X1=2)*

(i) വസ്തുനിഷ്ഠവും സൂക്ഷ്മവുമായ അനുഭവങ്ങളുടെയും യാഥാർത്ഥ്യങ്ങളുടെയും അടിസ്ഥാനത്തിൽ സഞ്ചാര സാഹിത്യകാരൻ രചന നടത്തുന്നു.

(ii ) 1965 - ൽ കൽക്കട്ടയിൽ പത്തു ദിവസത്തോളം നീണ്ടു നിന്ന ഒരു ക്യാമ്പിൽ സംബന്ധിക്കാനായി ഞാൻ പോയി.

*(b ) അംഗവാക്യം , അംഗിവാക്യം ഇവ വേർതിരിച്ച് എഴുതുക.* *(2X1=2)*

(I) സൂട്ട് കേസ്സ് പൂട്ടിയ താക്കോൽ ഡെൽഹിയിലെ എന്റെ കെട്ടിടത്തിലെ ഒട്ടേറെ താക്കോലുകളോടൊപ്പം ഷോൾഡർ ബാഗിൽ വെച്ചു.

(ii ) ഇന്നത്തെ സമൂഹത്തിൽ ആഡംഭരഭ്രമം വളർത്തുന്നതിൽ കച്ചവടം ,സമൂഹ മാധ്യമങ്ങൾ എന്നിവയ്ക്ക് നല്ല പങ്കുണ്ട്.

*(c ) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക* *(2X1=2)*

(I) പരോപകാരമാണ് ജീവിതത്തിലെ ഏറ്റവും വലിയ പുണ്യം എന്ന സന്ദേശം അതേ പ്രാർത്തന എന്ന കവിത വിളംബരം ചെയ്ലു അറിയിയ്ക്കുന്നു.

(ii ) സൂര്യൻ ഇല്ലാതാകുമ്പോൾ ഇരുട്ടാകുന്ന അന്ധകാരത്തെ അകറ്റാൻ നക്ഷത്രക്കൂട്ടങ്ങൾ എത്തുന്നു.

*(d ) അർത്ഥം മാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക* *(2X1=2)*

(I) അക്രൂരന്റെ മനസ്സിൽ ശ്രീകൃഷ്ണന്റെ ചിത്രം നിറയുന്നു.

(ii ) ജീവിതപ്പാതയിലൂടെ നിലക്കാത്ത നടത്തം കാരണം കാലുകൾ തേഞ്ഞു പോയിട്ടുണ്ട്.

*(e ) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ എഴുതുക.* *(2X1=2)*

(I) നിർവികാരം (ii) ബഹുമാനസൂചകം (iii) ധൂർത്താചാരങ്ങൾ

**6. *ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തമെഴുതുക.ഓരോന്നിനും 5 മാർക്ക് വീതം***

*(3X5=15)*

*(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക* *5*

(i) കോവിഡ് 19 എന്ന മഹാമാരിയും അതിജീവനവും
(ii) ആഡംഭരജീവിതം സമൂഹത്തെ മാറ്റിമറിക്കുന്നുവോ

*(b)* കോവിഡ് 19 നിയമങ്ങൾ പാലിക്കാതെ തുറന്നു പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കണം എന്ന ആവശ്യം ഉന്നയിച്ചു കൊണ്ട് വ്യവസായ മന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക. 5

(c ) കോവിഡ് പശ്ചാത്തലത്തിൽ നിങ്ങളുടെ വിദ്യാലത്തിൽ നടപ്പിലാക്കിയ ഓൺലൈൻ പഠനസംവിധാനത്തെക്കുറിച്ച് പത്രവാർത്ത തയാറാക്കുക. 5

**7. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദേശമനുസരിച്ച് ഉത്തരമെഴുതുക ഓരോന്നിനും 3 മാർക്ക് വീതം** ***(3X3=9)***

*(a)* **ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക** ***3X1=3***

(i) വിക്ടോറിയ വെള്ളച്ചാട്ടത്തിന്റെ ഭീകരതയും മനോഹാരിതയും ലേഖകൻ വരച്ചു കാട്ടുന്നത് എങ്ങനെ ?

(ii) നിത്യചൈതന്യ യതി പ്രസ്താവിച്ചിരിക്കുന്ന അനുഭവങ്ങൾ എന്തെല്ലാം ? അതിലൂടെ നമുക്ക് ലഭിക്കുന്ന സന്ദേശം എന്ത് ?

***(b) ഏതെങ്കിലും രണ്ടു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക*** ***3X2=6***

(i) അമ്പാടിയിലെത്തിയ അക്രൂരൻ കണ്ടതും കേട്ടതും എന്തെല്ലാം ?

(ii ) വിശ്വം ദീപമയം എന്ന കവിത നൽകുന്ന സന്ദേശം എന്ത് ?

(iii ) സമൃദ്ധി തൻ കണ്ണീരെത്ര പുളിച്ചാലും വരം
ദരിദ്രന്റെ മരവിപ്പാണസഹനീയം – ഈ വരികളിലൂടെ വ്യക്തമാകുന്നത് എന്ത് ?

***(8) ഏതെങ്കിലും രണ്ടു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക*** ***3X2=6***

(i) വായനയെക്കുറിച്ച് നരേന്ദ്രൻ പറയുന്നത് എന്ത് ?

(ii) ആൾവാർ രാജകൊട്ടാരത്തിൽ ഉണ്ടായ സംഭവം വിശദമാക്കുക.

(iii) സ്വാമി വിവേകാനന്ദൻ 'തേജസ്വിയായ വാഗ്മി' എന്ന് അറിയപ്പെടാൻ കാരണമെന്ത് ?